1B2A24077 (Pages :3) Reg. No:..............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA/B.Sc Degree Examination, April 2024**

**BML2A08(1) – Malayala Sahithyam – 2**

(2022 Admission onwards)

Time: 2 ½ hours Max. Weightage : 80

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**[2 x 15 = 30(പരമാവധി25മാർക്ക്)]

1. 'ഹന്ത!ധന്യമിഹ നിന്റെ ജീവിതം.'- സന്ദർഭം വ്യക്തമാക്കുക
2. 'അരുളിടട്ടെയെന്നന്ത്യയാത്രാമൊഴി.'-കവി ആരോടെല്ലാമാണ് യാത്ര ചോദിക്കുന്നത്?
3. 'പ്രണയാകുലൻ നാഥനിങ്ങനെ വിഷാദിക്കാം'-ആരാണ് ആ നാഥൻ? എന്തു പറഞ്ഞാണ് വിഷാദിക്കുക?
4. 'യോഗിയെ വശഗനാക്കി'- എന്താണ് വശഗനാക്കിയത്?
5. 'ഇന്ന് പഴയകുതിരകൾ മാറ്റുക'- എന്തിനാണ് കുതിരകളെ മാറ്റുന്നത്?
6. അമ്മയെ കുളിപ്പിക്കുമ്പോൾ എങ്ങനെ വേണം എന്നാണ് കവി നിർദ്ദേശിക്കുന്നത്?
7. പരശുരാമന് പിണഞ്ഞ 'മാനസികരോഗം' എന്ന് മാരാർ വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?
8. പി കെ രാജശേഖരന്റെ അഭിപ്രായത്തിൽ, അധികാരത്തോടുള്ള രചനാപരമായ പ്രതിഷേധം ദുരന്ത ദർശനത്തിലേക്ക് തിരിയുന്നതിന് തുടക്കമിട്ട മലയാള നോവലിസ്റ്റ് ആരാണ്?
9. ഈഡിപ്പസ് അനുഭവിച്ച ദുരന്തങ്ങളുടെ മൂലകാരണം എന്തായിരുന്നു?
10. 'കൊമ്പില്ലാക്കുതിരകളെല്ലാം കുമ്പിടുമല്ലോ'-സന്ദർഭം വ്യക്തമാക്കുക.
11. 'നടിച്ചേനധീര ഞാൻ'-എന്താണ് നടിച്ചത്?

12. അരച്ചാൺ വയറിനായ് കർമ്മങ്ങളനുഷ്ഠിച്ച് മരിക്കുന്നവർ കലോപാസകനോട് എന്തു സംശയമാണ്ചോദിച്ചത്?

13. താൻ കഥ പറയേണ്ടത് ആരോടാണ് എന്നാണ് സൂതകുമാരൻ കരുതുന്നത്?

14. കെ പി അപ്പന്റെ നിരീക്ഷണത്തിൽ ശത്രുരാജ്യത്തു നിന്ന് രക്ഷപ്പെടാനുള്ള ഉപാധിയായി ഇടപ്പള്ളി എന്തിനെയാണ് കണ്ടത്?

15. എം എം ബഷീറിന്റെ അഭിപ്രായത്തിൽ ചെറുകഥയെ നോവലിൽ നിന്ന് വ്യത്യസ്തമാക്കുന്നത് എന്താണ്?

**ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** [5 X 8 = 40 **(പരമാവധി35മാർക്ക്.)**]

16. '*അമ്മയെ കുളിപ്പിക്കുമ്പോൾ* 'എന്ന കവിത അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധത്തിന്റെ കാല്പനികമായ ഒരാവിഷ്കാരമാണ്" ഈ വാദത്തോട് യോജിക്കുന്നോ? നിങ്ങളുടെ നിരീക്ഷണങ്ങൾ യുക്തിഭദ്രമായി അവതരിപ്പിക്കുക.

17. ഹൈമവതഭൂവിൽ ദിവാകരൻ കണ്ട കാഴ്ചകൾ സ്വന്തം വാക്യത്തിൽ പുനരാവിഷ്കരിക്കുക.

18. പുത്തൻ ചൊല്ല് എന്ന കവിത പുതിയ കാലത്തിന്റെ കാഴ്ചപ്പാടുകളെയാണോ അഭിമുഖീകരിക്കുന്നത് എന്നു പരിശോധിക്കുക.

19. 'സ്വാർത്ഥ താല്പര്യങ്ങൾ മുൻനിർത്തിയുള്ള അകൃതവ്രണന്റെ ഇടപെടലുകളാണ് അംബയെ കേവലം പ്രതികാര ദാഹിയാക്കിയത്.'– സമർത്ഥിക്കുക.

20. 'സൂര്യകാന്തി'മിസ്റ്റിക്കവിതയാണോ എന്നു വിലയിരുത്തുക.

21. ആശാനും വൈലോപ്പിള്ളിക്കും ഇടശ്ശേരിക്കുമൊപ്പം കാവ്യ ബലമുള്ള ബാലാമണിയമ്മയെ മലയാളി വേണ്ടത്ര പരിഗണിക്കാതെ പോയതിന്റെ കാരണങ്ങൾ എന്തെന്നാണ് കല്പറ്റ നാരായണൻ കരുതുന്നത്?

22. ഇന്ത്യയിൽ നോവൽ എന്ന സാഹിത്യ രൂപത്തിന്റെ വളർച്ചയെ സഹായിച്ച ചരിത്രപരമായ കാരണങ്ങൾ വിവരിക്കുക.

23. കെ.പി അപ്പന്റെ അഭിപ്രായത്തിൽ ഇടപ്പള്ളിയുടെ ആത്മഹത്യയുടെ കാരണമെന്തായിരുന്നു?

**മുന്ന്പുറത്തിൽ കവിയാതെ രണ്ട്ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 10 മാർക്ക് വീ തം.**

24. 'ജന്തുവിങ്ങു തുടരുന്നു വാസനാബന്ധമിങ്ങുടലു വീഴുവോളവും'- കുമാരനാശാൻ ഈ കാഴ്ചപ്പാട് നളിനിയിലൂടെ എങ്ങനെയാണ് ആവിഷ്കരിക്കുന്നത്?

25. ഭാവനയിലെ ലോകവും യഥാർഥത്തിൽ അനുഭവിക്കുന്ന ലോകവും തമ്മിലുള്ള അകലം മണിനാദത്തിലെയും കലോപാസകനിലെയും കവികൾ നേരിടുന്നത് എപ്രകാരമാണ് എന്ന് വി ദമാക്കുക.

26 . അടിസ്ഥാന ജൈവചോദനകൾ (basic instinct) നിയന്ത്രിക്കുന്നതിൽ മനുഷ്യർ നേരിടുന്ന വെല്ലുവിളികളാണ് അംബ എന്ന ലേഖനത്തിൽ കുട്ടികൃഷ്ണമാരാർ വിവരിക്കുന്നത്. മാരാരുടെ നിരീക്ഷണങ്ങളുടെ യുക്തി ഭദ്രത വിലയിരുത്തുക.

27. പ്രശ്നപരിഹാരം മാത്രം ലക്ഷ്യം വെക്കുന്ന അക്രമണോൽസുകതയുടെ പ്രതീകമാണ്സൂതകുമാരൻ എന്ന അഭിപ്രായം ശരിയാണോ? സ്വാഭിപ്രായം സമർഥിക്കുക.

38

1B2A24078 (Pages :2) Reg. No:............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BCOM/BBA Degree Examination, April 2024**

**BML2A08(2) – Malayala Sahithya Padanam – 2**

(2022 Admission onwards)

Time: 2 ½ hours Max. Weightage : 80

**I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം**

1. ''യോഗ്യന്മാർക്കു ചേർന്ന പണി അങ്ങുന്നു കാണിച്ചു തന്നിരിക്കുന്നു'' - സൂചിതമെന്ത്?
2. നെലം ദാനമായി കിട്ടിയപ്പോൾ വറീതിനെ കരയിപ്പിച്ച ഓർമകളെന്തെല്ലാം?
3. കൈരളിയെ പാടവഹീനയെന്നു പറയാൻ കഴിയാത്തതെന്തുകൊണ്ട്?
4. ''അന്യബിന്ദുക്കളോ തൽബഹിർഭാഗമേ
   മിന്നിച്ചുനിൽക്കുന്ന തൂമുത്തുകൾ''
   - കല്പനയുടെ സാരസ്യമെന്ത്?
5. ''നന്മതിന്മകൾ നേരായാരറിഞ്ഞിരിക്കുന്നു''
   - സൂചിതമെന്ത്?
6. ''പഴയൊരു മന്ത്രം സ്മരിക്ക, നാമന്യോന്യ-
   മൂന്നുവടികളായ് നിൽക്കാം''
   - ഭാവതലം പരിശോധിക്കുക.
7. ''നെലം പണയം വെയ്ക്കാനും വാങ്ങാനും നമ്മളെന്തിനാ രാവുണ്യേ'' - സന്ദർഭം വ്യക്തമാക്കുക.
8. ആദിമ ഗോത്രങ്ങളുടെ സമൂഹ രൂപീകരണത്തിന്റെ അടിസ്ഥാനമെന്ത്?
9. കേരളത്തിലെ മുസ്ലിംലീഗിന്റെ വിജയരഹസ്യമെന്ത്?
10. ''ഞങ്ങൾ ഇഷ്ടപ്പെടാത്ത ഒരു ഭരണഘടനയ്ക്ക് കീഴിലാണ് ഞങ്ങൾക്കു പ്രവർത്തിക്കേണ്ടിവരുന്നത്'' - സന്ദർഭവും ആശയവും വ്യക്തമാക്കുക.
11. ഒരു സിന്ദുരപ്പൊട്ടിന്റെ ഓർമ്മയ്ക്ക് എന്ന ലേഖനത്തിൽ 'സിന്ദൂരപ്പൊട്ട്' എന്നതുകൊണ്ട് ലേഖകൻ വിവക്ഷിക്കുന്നതെന്ത്?
12. ''ഞാൻ മനുഷ്യക്കുട്ടിയല്ലേ? എനിക്ക് ജീവനുണ്ട്.'' - ആരുടെ വാക്കുകൾ? സന്ദർഭം എഴുതുക.
13. ''ഒടലും പെണ്ണത്തോം കെട്ത്തപ്പെട്ട രണ്ട് പെണ്ണ്ങ്ങള്'' - വിശദമാക്കുക.
14. പാണിനിയെ പറ്റിച്ചവനാണ് വിശ്വാമിത്രനെന്ന് വി.കെ.എൻ. പറയുന്നതെന്തുകൊണ്ട്?
15. ഗീവറീത് ബംഗ്ലാവ് വിൽക്കാൻ തീരുമാനിച്ചതിന്റെ കാരണമെന്ത്?

(15 x 2 = 30 പരമാവധി മാർക്ക് 25)

## Section B

**II.** ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16. മഴവെള്ളം ഒഴുകിപ്പോവാതിരിക്കാൻ ബറൂളിലെ ഗ്രാമങ്ങളിൽ സ്വീകരിച്ച മാർഗ്ഗങ്ങളെന്തെല്ലാം?

17. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേട്ടങ്ങളും വ്യഥകളും ശുദ്ധീകരണങ്ങളുമൊക്കെ കാരണവന്മാരുടെ സ്വകാര്യവ്യവഹാരങ്ങളാണെന്ന് ലേഖകൻ പറയാൻ കാരണമെന്ത്?

18. ''പുത്രധർമ്മങ്ങൾ മറന്നിടായ്‌വിൻ'' ഈ വാക്കുകളിലൂടെ കവി ഓർമ്മിപ്പിക്കുന്നതെന്തെല്ലാം?

19. ''വളർന്നേ വരുന്നല്ലോ മാനവമനശ്ശക്തി;
വഴിയോ പണ്ടത്തേതു തന്നെയെന്നാവാനെന്തേ'' -
– ഈ വരികളിൽ തെളിയുന്ന പരശുരാമ ചിന്തകൾ നിരുപണം ചെയ്യുക.

20. ''കാലമിനിയുമുരുളും, വിഷുവരും,
വർഷം വരും, തിരുവോണം വരും''
– ഈ വരികളിലെ ജീവിതവീക്ഷണം വ്യക്തമാക്കുക.

21. രാവുണ്ണി, കേശവന് കടം വാങ്ങാൻ പഠിപ്പിച്ചുകൊടുക്കുന്നതെങ്ങനെ?

22. ജീവിതവും മരണവും തമ്മിലുള്ള ബലാബലക്കളിയും അതിനെ നേരിടുന്ന മനുഷ്യന്റെ നിസ്സഹായതയും 'ബംഗ്ലാവ്' എന്ന കഥയിൽ എഴുത്തുകാരൻ പ്രതിഫലിപ്പിക്കുന്നതെങ്ങനെ?

23. 'സ്ത്രീകാമനകളെ അറുത്തുമാറ്റിയ പുരുഷധാർഷ്ട്യത്തിനെതിരെയുള്ള പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും ശബ്ദമാണ് ശൂർപ്പണഖയുടെത്'' - തായ്കുലം എന്ന കഥയെ ആടിസ്ഥാനമാക്കി വിലയിരുത്തുക.

(8 x 5 = 40പരമാവധി മാർക്ക് 35)

## Section C

**III.** ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. കവിയുടെ വൈയക്തിക ജീവിതത്തിന്റെയെന്നപോലെ കാവ്യജീവിതത്തിന്റെയും സഫലതയെ ധ്വനിപ്പിക്കുന്ന കവിതയാണ് 'സഫലമീയാത്ര' - വിലയിരുത്തുക.

25. ഭരണാധികാരികളുടെ യുക്തിരഹിതമായ പരിഷ്കാരങ്ങളെയും സാമൂഹിക അവ്യവസ്ഥകളെയും വിമർശിക്കുന്നതിനുള്ള ഒരു മാധ്യമമാണ് വി.കെ.എന്നിന് ഭാഷയും സാഹിത്യവും. - 'ദുഷ്യന്തൻ മാഷ്' എന്ന കഥയെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

26. ആധുനികകേരളത്തെ മുസ്ലിം ബഹുജനങ്ങളുടെ നവോത്ഥാനയുഗമാക്കുന്നതിൽ മുഖ്യപങ്കു വഹിച്ചയാളാണ് സി.എച്ച്. മുഹമ്മദ് കോയ. - വിശദമാക്കുക.

27. നാടിന്റെ അകം തുറന്നുകാണിക്കുന്ന രചനകളാണ് പി.എം. താജിന്റേത്. - 'രാവുണ്ണി' എന്ന നാടകത്തെ അടിസ്ഥാനമാക്കി പരിശോധിക്കുക.

(2 x 10 = 20മാർക്ക്)

1B2A24079 (Pages :2) Reg. No:.............................

Name: ..............................

FARROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester B.Sc CS/BAMM/BVOC/GEOLOGY Degree Examination, April 2024**

**BML2A08(3) – MalayalaBhashayumSahithyam – 2**

(2022 Admission onwards)

Time: 2 ½ hours Max. Weightage : 80

## Section A

**I.** രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക്‌വീതം

1. ''അങ്ങ് ചെയ്തത് വലിയൊരു കാര്യമാണ്. ഇത്ര നല്ല ഒരു മനുഷ്യനെ ഞാൻ കണ്ടിട്ടില്ല'' ആരുടെ വാക്കുകൾ? ഇങ്ങനെ പറയാൻ കാരണമെന്ത്?
2. ''നൂലു പൊട്ടിയിട്ടും നൂലൊന്നും പൊട്ടിയില്ലല്ലോ'' - ഈ ആത്മഗതത്തിന്റെ സൂചനയെന്ത്?
3. ''നിനക്ക് ഭൂമിയുടെ ഉപ്പാകുവാൻ സർവ്വശക്തൻ തരുന്ന ഒരു അവസരമാണിത്'' - സന്ദർഭം വ്യക്തമാക്കുക.
4. നാരായണൻ പത്മിനിയോട് ചെയ്ത ചതിവ് എന്തായിരുന്നു.
5. ''മറ്റാർക്കുമറിയാത്ത ഒരു ഭാഷ അറിയാവുന്ന സന്തോഷമായിരുന്നു ഞങ്ങൾക്ക്'' - എഴുത്തുകാരി ഇവിടെ സൂചിപ്പിക്കുന്നതെന്ത്?
6. കാൻസർ രോഗിക്ക് ഒട്ടും പാടില്ലാത്ത ഒന്നായി ചന്ദ്രമതി പറയുന്നതെന്തിനെയാണ്?
7. സാധാരണ രീതികളിൽ നിന്ന് വഴി മാറി നടക്കുന്ന മനുഷ്യരെ പരിചയപ്പെടുത്തുന്ന വി.കെ. ശ്രീരാമിന്റെ ലേഖന സമാഹാരം ഏത്?
8. ശിവാജി ഗണേശൻ അഭിനയത്തിലൂടെ പരിപൂർണ്ണതയിലെത്തിച്ച പ്രധാന കഥാപാത്രങ്ങൾ ഏതെല്ലാം?
9. ''അന്ന് തന്നിട്ടു പോയത് അവിടുന്നങ്ങോട്ട് ജീവിക്കാനുള്ള ആത്മ വിശ്വാസമാ'' - സന്ദർഭമേത്?
10. ''പരാതികളുടെയും ആവശ്യങ്ങളുടെയും ഭണ്ഡാരമാണിത്'' - ഖാദർസൂചിപ്പിക്കുന്ന തെന്ത്?
11. ''നമ്മൾ വഴിവെട്ടിയവരല്ലേ.... അവർക്ക് മുൻപില് തടസ്സങ്ങളൊന്നുമില്ലല്ലോ. അതുകൊണ്ട് വേഗത കൂടും'' - നാരായണന്റെ വാക്കുകളുടെ പൊരുളെന്ത്?
12. ഒരുമിച്ചു ജീവിക്കുന്നതിന് നീലകണ്ഠൻ ദേവയാനിയുമായുണ്ടാക്കിയ കരാറെന്ത്?
13. ബസവയെക്കുറിച്ച് നീലകണ്ഠൻ കേട്ട കഥകൾ എന്തെല്ലാം?
14. പുരുഷന്റെ ഉള്ളിൽ കുഞ്ഞിനോടുള്ള വെറുപ്പ് മുഴുവൻ മാറ്റിക്കളഞ്ഞ സംഭവമെന്ത്?
15. വിവാഹമെന്ന സമ്പ്രദായത്തെക്കുറിച്ച് നീലകണ്ഠന്റെ അഭിപ്രായമെന്ത്?

**(15 x 2 = 30പരമാവധി മാർക്ക്26)**

## Section B

**II.** ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16. നീ നളിനിയുടെ കൂടെയും ഞാൻ സുഹ്റയുടെ കൂടെയും കഴിഞ്ഞതിനേക്കാളേറെ നമ്മളൊരുമിച്ചല്ലേ കഴിഞ്ഞത് കൂട്ടുകാരാ'' മൊയ്തീനും നാരായണനും തമ്മിലുള്ള സൗഹൃദത്തിന്റെ ആഴം ഈ വാക്കുകളിൽ സ്ഫുരിക്കുന്നതെങ്ങനെ?. വ്യക്തമാക്കുക.

17. ''നിങ്ങളൊരു ദിവസിട്ടൊരു ഷർട്ട് അലക്കാതെ കൊടുത്തുവിടോ'' ഈ അപേക്ഷയിൽ നിറയുന്ന പ്രവാസിയുടെ ഭാര്യയുടെ വൈകാരികാവസ്ഥ വിവരിക്കുക.

18. മഹാബലിയുടെ കഴുതജന്മത്തെക്കുറിച്ച് പുരുഷനോട് ഗുഹ പറഞ്ഞ കഥയെന്ത്?

19. നീലകണ്ഠൻ നഗരത്തിലെത്തിച്ചേർന്നതെങ്ങനെ?

20. മനുഷ്യന്റെ ഉള്ളിലുള്ള സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും കഥയാണ് 'ഒരു മനുഷ്യൻ' - സമർത്ഥിക്കുക.

21. 'തണുത്തുവിറങ്ങലിച്ചു പോയ ഇരുട്ടു വീണു കിടക്കുന്നു വഴി', 'കരിവാളിച്ചു കഴിഞ്ഞിരുന്ന അന്തി' - മൂന്നാമതൊരാൾ എന്ന കഥയിലെ ഇത്തരം പ്രയോഗങ്ങൾക്ക് കഥയുടെ ഭാവ തലവുമായുള്ള ബന്ധം പരിശോധിക്കുക.

22. രോഗാവസ്ഥയെ മറികടക്കാൻ ചന്ദ്രമതിക്ക് ആശ്വാസകരമായ കാര്യങ്ങൾ എന്തെല്ലാം? വിവരിക്കുക.

23. നാടക അരങ്ങിൽ നിന്നും ചലച്ചിത്രലോകത്തെത്തിയ ശിവാജി ഗണേശൻ തന്റെ അഭിനയ ജീവിതത്തെക്കുറിച്ച് പങ്കു വെയ്ക്കുന്ന കാര്യങ്ങളെന്തെല്ലാം?

**(8 x 5 = 40**പരമാവധി മാർക്ക്)

## Section C

**III.** ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. ചരിത്രവും വർത്തമാനവും മിത്തും സങ്കല്പവും ഇടകലർന്ന ആഖ്യാന രീതിയാണ് 'എൻ മകജെ'യിൽ നോവലിസ്റ്റ് സ്വീകരിക്കുന്നത്. - പരിശോധിക്കുക.

25. പ്രവാസത്തിന്റെ ഉച്ച വെയിലിൽ അലിഞ്ഞു തീരുന്ന ജീവിതങ്ങളുടെ ഉൾത്തുടിപ്പുകളാണ് 'പത്തേമാരി' - വിലയിരുത്തുക.

26. മനുഷ്യജീവിതങ്ങൾക്കു മേൽ മതവും രാഷ്ട്രീയവും ആധിപത്യം സ്ഥാപിക്കുന്ന സമകാല ജീവിതാവസ്ഥയിൽ 'വൻമരങ്ങൾ വീഴുമ്പോൾ' എന്ന കഥയുടെ പ്രസക്തി ചർച്ച ചെയ്യുക.

27. 'പയറുവള്ളികളിൽത്തൂങ്ങി നമ്മളൊക്കെ' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**(2 x 10 = 20**മാർക്ക്)

40

1B2A24080 (Pages : 2) Reg. No:.............................

Name: ...............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Malayalam Degree Examination, April 2024**

**BML2B02 – Katha Sahithyam**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

## SECTION A

**I** ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (**15x2=30**, പരമാവധി മാർക്ക് 25)

1. ''തൊണ്ടയിൽ കുടി എന്തോ അന്നനാളം മുറിച്ച് താഴെക്കിറങ്ങുന്നതായി തോന്നി പവിത്രന്'' സന്ദർഭമേത്?
2. ''ദൈവത്തിനു കാര്യങ്ങൾതുറന്നു പറഞ്ഞുകൂടെ ? ഒരുവിശ്വാസിയല്ലേ ഞാൻ''- യുവകരടി ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?
3. ബോംബെയിൽ നിന്ന് വന്ന ദിവസം ഉണ്ണിക്കൃഷ്ണൻ ചെയ്തതെന്തായിരുന്നു ?
4. ''എന്നാൽ ഒണ്ടെന്ന് തെളിയാതെ എഴുതിക്കോളൂ'' - തെളിയാതെ എഴുതാൻ പറഞ്ഞത് എന്താണ്?
5. കാസ്മീന്റെ വീട്ടിൽ ജോലിക്കുവന്നവരെല്ലാം ഓടിപ്പോകുന്നതിന് കാരണമായി പറഞ്ഞതെന്താണ്?
6. ''അവനു വേണ്ടിയെന്നോണം ആ കുടിൽ അവനെ മുതല പിടിക്കുന്നതുവരെ ജലത്തിനുമീതെ ഉയർന്നു നിന്നു'' - ആർക്കു വേണ്ടി ?
7. ''എന്നോട് ഇഷ്ടമില്ലാത്തവരായി വേറെ രണ്ടു കൂട്ടരുണ്ട്'' - ജന്മദിനത്തിലെ നായകൻ സൂചിപ്പിക്കുന്നത് ആരെക്കുറിച്ചാണ് ?
8. മരണത്തിന്റെ മണം എന്തായിരുന്നു എന്ന ചെറുപ്പക്കാരന്റെ ചോദ്യത്തിന് പക്ഷിയുടെ മണത്തിലെ നായിക പറയാൻ കരുതിയ മറുപടി എന്തായിരുന്നു ?
9. പനമ്പട്ടകളിൽ കാറ്റിരമ്പുന്നത് വെള്ളായിയപ്പന് അപരിചിതമായി തോന്നിയതെന്തുകൊണ്ട്?
10. എൻ.പി. മുഹമ്മദിന്റെ രണ്ട് കഥകളുടെ പേരെഴുതുക
11. ''കള്ളത്തീ ഇത്ര നേരത്തെ കക്കാനെത്തിയോ നീ'' - വക്താവാര് ? ആരോട് ?
12. ''ചത്തതിനു ശേഷമാണ് ഞാനിതു മനസ്സിലാക്കിയത്'' -പ്രേതം മനസ്സിലാക്കിയതെന്ത്?
13. ദ്രവിച്ചു തുടങ്ങിയ ഫോട്ടോയുടെ ഏറ്റവും താഴെ ചന്ദ്രമോഹൻ കണ്ട കവിതയുടെ വരികൾ എതായിരുന്നു?

14. ''ഇപ്പോൾ എനിക്കാരേം പേടിയില്ല''-ആർക്ക് ?എന്തുകൊണ്ട്?

15. ആറു മാസത്തെ ഇടവേളയ്ക്കു ശേഷം ഗൗരിയും സുഹൃത്തും കണ്ടുമുട്ടിയത് എവിടെ വെച്ചായിരുന്നു ?

## SECTION B

**II** ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക **(8x5 = 40,** പരമാവധി മാർക്ക് 35)

16. കുഞ്ഞിക്കോവിനെ അപ്പൻ കൊല്ലാനിടവന്ന സന്ദർഭം വിവരിക്കുക

17. കാരൂരിന്റെ കഥാപ്രപഞ്ചത്തിൽ തലയെടുപ്പോടെ നിൽക്കുന്ന ഒരു സൃഷ്ടിയാണ് 'മരപ്പാവകൾ' - പ്രസ്താവനയുടെ സാധുത പരിശോധിക്കുക

18. ആധുനികവും ശാസ്ത്രീയവുമായ ഒരു ലോക ബോധത്തിലേക്ക് പൗരാണികമായ ഒരു സങ്കല്പത്തെ ഉൾച്ചേർത്ത കഥയാണ ദ്വാരക - സമർത്ഥിക്കുക

19. സമകാലിക ജീവിത സംഭവങ്ങളോടുള്ള പ്രതിഷേധമാണ് 'ഡൽഹി 1981' എന്ന കഥ - വിവരിക്കുക

20. യന്ത്ര നഗരത്തിൽ യന്ത്രങ്ങൾ എളുപ്പത്തിൽ കേടായി പോകുന്നു - ഇറച്ചിയിലെ ഇട്ടീരയുടെ അനുഭവത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക

21. യാഥാർത്ഥ്യത്തിന്റെയും ഭ്രമാത്മകതയുടേയും അതിരുകൾ ഇടകലരുന്ന കഥയാണ് പക്ഷിയുടെമണം - പ്രസ്താവനയോട് പ്രതികരിക്കുക

22. അനന്യമായ മനുഷ്യബന്ധങ്ങളുടെ ആവിഷ്കാരമെന്ന നിലയിൽ ഗൗരി എന്ന കഥയെ വിലയിരുത്തുക

23. 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' എന്ന തലക്കെട്ട് കഥയിലേക്കുള്ള വഴി തുറക്കുകയല്ല, കഥയെ പൂർത്തിയാക്കുകയാണ് ചെയ്യുന്നത് - പരിശോധിക്കുക

## SECTION C

**III** ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

**(2 x 10 = 20**മാർക്ക്)

24. പ്രണയത്തിന്റെ അധരസിന്ദൂരം കൊണ്ടെഴുതിയ കഥയെന്ന വിശേഷണം 'ഗൗരി' അർഹിക്കുന്നുണ്ടോ? -വിശദീകരിക്കുക

25. ബഷീറിയൻ കഥാ ലോകത്തിന്റെ മൗലിക മുദ്രകൾ ജന്മദിനത്തിൽ വെളിപ്പെടുന്നതെങ്ങനെ?- ചർച്ച ചെയ്യുക

26. 'ദൽഹി 1981' - ഇരുൾ മൂടിത്തുടങ്ങിയ കാലത്തിന്റെ ചൂണ്ടു പലകയായി കാണാവുന്ന കഥയാണ്- പ്രസ്താവന വിശകലനം ചെയ്യുക

27. സാമൂഹിക വ്യവസ്ഥ പരാജയപ്പെടുത്തിയവരുടെ പ്രതിഷേധവും പ്രതികരണവുമായി പ്രേതഭാഷണത്തെ വായിച്ചെടുക്കാമോ? - വിശദമാക്കുക

41

1B2A24081 (Pages : 1) Reg. No:.............................

Name: ..................................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Malayalam Degree Examination, April 2024**

**BML2C02 – Kerala Padanam – Madhyakala Keralam**

(2022 Admission onwards)

Time: 1 ½ hours Max. Marks : 40

---

**I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1. മാമാങ്കം എന്നാൽ എന്ത്?
2. രേവതി പട്ടത്താനം എന്നാൽ എന്ത്?
3. അദ്വൈതസിദ്ധാന്തം എന്നാൽ എന്ത്?
4. ഊരാളർ എന്നാൽ എന്ത്?
5. പുലപ്പേടി എന്നാൽ എന്ത്?
6. 'മണിപ്രവാള'ത്തിന്റെ ഏതെങ്കിലും രണ്ടു വിശേഷങ്ങൾ എഴുതുക

**(6x2=12= പരമാവധി 10 മാർക്ക്)**

**II. താഴെപ്പറയുന്നവയെക്കുറിച്ച് ഒരുഖണ്ഡികയിൽ കവിയാതെ കുറിപ്പെഴുതുക**

7. ദേവദാസി സമ്പ്രദായം
8. മുടിയേറ്റ്
9. അറയ്ക്കൽ രാജവംശം
10. വടക്കൻ പാട്ട്
11. മരുമക്കത്തായം
12. ജന്മിത്തം

**(6x4=24= പരമാവധി 20 മാർക്ക്)**

**III. ഏതെങ്കിലും ഒരുചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

13. ഇസ്ലാംമതം, ക്രിസ്തുമതം എന്നിവ കേരളസംസ്കാരത്തിനു നൽകിയ സംഭാവനകൾ വിലയിരുത്തുക
14. കേരളത്തിലെ ബ്രാഹ്മണാധിപത്യത്തിന്റെ തിക്തഫലങ്ങൾ എന്തെല്ലാമായിരുന്നു? വിശദീകരിക്കുക

**(1x10=10 മാർക്ക്)**